"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തസ്വഭവ- തൃശ്ശൂർ നഗരസഭ- വൈദ്യുതി വിഭാഗം-ജീവനക്കാര്യം- ശ്രീ.ബി. നിഖിലിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണ കലയളവ് ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.1104/2025/LSGD തീയതി,തിരുവനന്തപുരം, 02-05-2025

പരാമർശം:- 1. അഡീഷണൽ ഡയറക്ടറുടെ 23.10.2024 തീയതിയിലെ LSGD/PD/58410-DEE3 നമ്പർ നടപടിക്രമം.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 21.11.2024 തീയതിയിലെ LSGD/PD/58410/2023-DEE3(1) നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിലെ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിൽ 24.09.2012 പൂർവ്വാഹ്നം സേവനത്തിൽ പ്രവേശിച്ച ശ്രീ.നിഖിൽ.ബി. പ്രൊബേഷൻ കാലയളവിൽ നിർബന്ധമായും പാസ്സാകേണ്ട വകുപ്പുതല പരീക്ഷ പാസ്സായിരുന്നില്ല. ടിയാൻ 18.02.2016-ലാണ് നിർബന്ധിത വകുപ്പ തല പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ളത്. ടിയാന്റെ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ് കെ.എസ്.&എസ്.എസ്.ആർ റൂൾ 21 പ്രകാരം 24.09.2014 മുതൽ 23.09.2015 വരെ ഒരു വർഷക്കാലയളവിലേയ്ക്ക് പരാമർശം (1) പ്രകാരം ദീർഘിപ്പിച്ച് നൽകിയിരുന്നു.

പ്രൊബേഷൻ കാലയളവിൽ പ്രൊബേഷന് പരിഗണിയ്ക്കാത്ത അവധികൾ ടിയാൻ ഉപയോഗപ്പെടുത്തിയിട്ടില്ലെന്നും, ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടികളോ വിജിലൻസ് കേസുകളോ നിലവില്ലാത്തതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.നിഖിൽ.ബി. എന്നവരുടെ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ്, ടിയാൻ നിർബന്ധിത വകുപ്പുതല പരിക്ഷയിൽ യോഗ്യത നേടിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 19.02.2016-ൽ പൂർത്തിയാക്കിയതായി

പ്രഖ്യാപിയ്ക്കുന്നതിലേയ്ക്കായി ടിയാന്റെ പ്രൊബേഷൻ കാലയളവ് 24.09.2015 മുതൽ 20.02.2016 വരെ ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.നിഖിൽ. ബി-യുടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ് 19.02.2016 പൂർ വ്വാഹ്നം പൂർത്തിയാക്കിയതായി പ്രഖ്യാപിയ്ക്കുന്നതിനായി ടിയാന്റെ നിരീക്ഷണകാലയളവ് 20.02.2016 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അസിസ്റ്റന്റ് സെക്രട്ടറി, വൈദ്യുതി വിഭാഗം, തൃശ്ശൂർ നഗരസഭ
ശ്രീ. നിഖിൽ ബി, അസിസ്റ്റന്റ് എഞ്ചിനീയർ, വൈദ്യുതി വിഭാഗം, നഗരസഭ
തൃശ്ശൂർ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ, ഐ.& പി.ആർ.ഡി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 02-05-2025 17:10:17